ECHOES
INDIA

ശ്രീ രാം ചന്ദ്ര മിഷൻ®

മാർച്ച് 2014

വാല്യം 7 ലക്കം 2



# പൂജ്യ ലാലാജി മഹരാജിൻെറ 141–ാം ജന്മവാർഷികം–2014 ഫെബ്രുവരി 1 മുതൽ 4 വരെ

## മണപ്പാക്കം

രണ്ടാം തീയതി രാവിലെ ഏഴരയ്ക്ക് മാസ്റ്റർ സത്സംഗം നടത്തി. ധ്യാനമന്ദിരത്തിലേയ്ക്ക് മാസ്റ്റർ തൻെറ വീൽചെയറിൽ വരുമ്പോൾ അവിടെ സന്നിഹിതരായിരുന്ന നാലായിരത്തോളം അഭ്യാസികൾ കൈയ്യടിക്കുവാൻ തുടങ്ങി. സത്സംഗത്തിനുശേഷം അദ്ദേഹം 'ഇവിടെ, ഇപ്പോൾ' എന്ന ആശയത്തിനൂന്നൽ നൽകിയ ഒരു പ്രഭാഷണം നൽകി. അദ്ദേഹം ഇങ്ങനെ പറഞ്ഞു: അഭ്യാസികൾ സമയം പാഴാക്കരുത്, കാരണം സമയം വളരെ കുറവാണ്. അതിനാൽ അഭ്യാസികൾ അവരുടെ ദിവസേനയുള്ള സാധനയിൽ ശ്രദ്ധ ചെലുത്തേണ്ടിയിരിക്കുന്നു. പണ്ട് ആയിരക്കണക്കിന് വർഷങ്ങൾകൊണ്ട് മാത്രം നേടാൻ സാധിച്ചിരുന്ന മുക്തി ഇപ്പോൾ സഹജമാർഗ്ഗത്തിലൂടെ ഏതൊരാൾക്കും ഈ ജന്മത്തിൽതന്നെ സാധ്യമാകും.

വൈകുന്നേരം സത്സംഗത്തിനുശേഷം ചെന്നൈയിലെ യുവ അഭ്യാസികളവതരിപ്പിച്ച സാംസ്കാരിക പരിപാടികളുണ്ടായിരുന്നു. വസന്തപഞ്ചമി ദിനമായ നാലാംതീയതി രാവിലെ ഏഴരയ്ക്ക് മാസ്റ്റർ സത്സംഗം നടത്തി. അതിനുശേഷം സഹോദരി മാധുരി കൃഷ്ണ 'വിസ്പേർസിൽ' നിന്നുള്ള ഒരു സന്ദേശം വായിച്ചു. തുടർന്ന് സഹോദരൻ പി. ആർ. കൃഷ്ണ മാസ്റ്ററുടെ ജീവിതത്തിലെ പ്രധാന സംഭവങ്ങളെക്കുറിച്ച് സംസാരിച്ചു. 1964–ലെ വസന്ത പഞ്ചമി ദിനത്തിൽ അഭ്യാസിയായ മാസ്റ്റർ മിഷനിൽ അമ്പത് വർഷം തികച്ചിരിക്കുന്നു. പ്രഭാഷണത്തിനുശേഷം മാസ്റ്റർ ഒരു കേയ്ക്ക് മുറിച്ചു. ധ്യാനമന്ദിരത്തിൽനിന്ന് പോകാൻ തുടങ്ങവേ തന്നെ സമീപിച്ച റഷ്യൻദമ്പതിമാരുടെ വിവാഹം അദ്ദേഹം നടത്തിക്കൊടുത്തു. പിന്നീട് താത്കാലികമായി തയ്യാറാക്കിയ കാൻറീൻ ഉദ്ഘാടനം ചെയ്യാൻ മാസ്റ്റർ പോയി. ധ്യാനമന്ദിരത്തിൽവെച്ച് സഹോ. ഗുർപ്രീത് ചരൺ ചില ഭജനുകൾ പാടി. ആഘോഷങ്ങൾക്കവസാനം കുറിക്കാൻ വൈകുന്നേരം ആറരയ്ക്ക് സഹോദരന്മാരായ ഗണേഷും കുമരനും പാടി. കൂട്ടിന് സഹോദരി ജയന്തിയുടെ വീണയുമുണ്ടായിരുന്നു.













## തിരുപ്പൂർ – ഫിബ്രവരി 1 മുതൽ 4 വരെ

വളരെക്കാലത്തിനു ശേഷമാണ് പൂജ്യ ലാലാജിയുടെ ജന്മവാർഷികത്തിനൊരു അന്താരാഷ്ട്ര തലത്തിലുള്ള ഭണ്ഡാര ഒരുങ്ങുന്നത്. നാല് ദിവസങ്ങളിലായി നടന്ന ഈ ഭണ്ഡാര ഫിബ്രവരി 1 മുതൽ വസന്ത പഞ്ചമി ദിനമായ 4–ാം തീയതി വരെയായിരുന്നു. ഉത്സവത്തിൻെറ തയ്യാറെടുപ്പുകളിൽ പങ്കെടുത്ത അഭ്യാസികൾ ഭണ്ഡാരയിലുടനീളവും പിന്നീട് സമാപന കാര്യങ്ങളിലും സഹായിച്ചു. തിരുപ്പൂരിൽ നിന്നും നാമിപ്പോൾ പ്രതീക്ഷിക്കാറുള്ള ഉന്നത നിലവാരത്തിലുള്ളതായിരുന്നു ഇത്തവണത്തേതും. 2–ാം തിയതിയോടെ 1500 വളൻറിയർമാരും, 1729 കുട്ടികളുമുൾപ്പടെ അഭ്യാസികളുടെ സംഖ്യ 16,500 ഓളം എത്തി.

എല്ലാ ദിവസവും കാലത്ത് 6 മണിക്കും, 11 മണിക്കും പിന്നെ വൈകീട്ട് 5 മണിക്കുമായി മൂന്ന് സത്സംഗങ്ങൾ ഉണ്ടായിരുന്നു. സഹോദരൻ കമലേഷ് ഈ ദിവസങ്ങളിലായി സത്സംഗങ്ങൾക്ക് ശേഷം അഞ്ച് പ്രഭാഷണങ്ങൾ നടത്തി, കൂടെ പ്രിഫെക്റ്റുകൾക്കായി ഒരെണ്ണവും. ഈ പ്രഭാഷണങ്ങൾ അഭ്യാസികൾക്ക് കൂടുതൽ ഗഹനമായി ചിന്തിക്കുവാനും, അവരുടെ ധാരണമെച്ചപ്പെടുത്തുവാനും, പ്രാധന്യമുള്ളതെന്തോ അതിലേക്ക് ശ്രദ്ധ പതിപ്പിക്കുവാനും സഹായമേകി.

മാസ്റ്ററുടെ ആദ്ധ്യാത്മിക സാന്നിദ്ധ്യം ഉത്സവത്തിൻെറ എല്ലാ കാര്യങ്ങളിലും അനുഭവപ്പെട്ടിരുന്നു, ശാരീരികമായി അവിടെ ഉണ്ടാകുവാൻ സാധിച്ചില്ലെങ്കിലും. ചെന്നൈയിൽ നിന്നും 2–ാം തിയ്യതിയിലെ പ്രഭാത സത്സംഗത്തിനുശേഷം ഇൻറർനെറ്റ് വഴി സദസ്സിനോട് സംസാരിക്കുവാനായി. ആഘോഷ കമ്മിറ്റിയുടെ ചെയർമാനായിരുന്ന സഹോദരൻ കമലേഷ് അവിടെയുള്ള സൂക്ഷ്മ സ്പന്ദനങ്ങൾക്ക് അനുസൃതമായി എല്ലാവരോടും തങ്ങളുടെ പെരുമാറ്റത്തെ ക്രമീകരിക്കുവാൻ പ്രേരിപ്പിച്ചു, ഇത് സ്വാഭാവികമായ അച്ചടക്കത്തിനു വഴിയേകി.

2–ാം തിയതി രാവിലെ 6.30 മണിക്കുള്ള സത്സംഗത്തിനുശേഷം സഹോദരൻ കമലേഷ് നാല് വിവാഹങ്ങൾക്ക് കാർമ്മികത്വം വഹിച്ചു, തുടർന്ന് ഫിബ്രവരി 1–നു ലഭിച്ച "വിസ്പർസ്" സന്ദേശം അദ്ദേഹം വായിച്ചു. പുതിയ ചില പ്രസിദ്ധീകരണങ്ങളും ഫോട്ടോകളും പ്രകാശനം ചെയ്തതിനുശേഷം സഹോദരൻ ഗുർപ്രീതിൻേറയും, പുനീതിൻേറയും ഭജനാലാപനമുണ്ടായി.

തൻെറ ആദ്യത്തെ പ്രഭാഷണത്തിൽ സഹോദരൻ കമലേഷ് പൂജ്യ ലാലാജിയുടെ "സംഭാഷണങ്ങളിലെ പെരുമാറ്റതത്ത്വങ്ങളെ" കുറിച്ച് സംസാരിച്ചു. അതിൽ ലാലാജി നമ്മുടെ സംഭാഷണ ശൈലികൾ നമ്മുടെ മനസ്സിൻെറ സന്തുലിത അവസ്ഥയുടേയും ഹൃദയത്തിൻേറയും സ്വഭാവത്തിൻേറയും വിശുദ്ധിയുടെ പ്രതിഫലനമാകുമെന്നും ചിന്തിക്കുവാൻ പ്രേരിപ്പിക്കുന്നുണ്ട്.

തൻെറ പിന്നീടുള്ള പ്രഭാഷണങ്ങളിൽ സഹോദരൻ കമലേഷ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള നിത്യസാധനയുടെ പ്രാധാന്യത്തേക്കുറിച്ച് ഊന്നിപ്പറഞ്ഞു. നമ്മുടെ നിത്യജീവിതത്തിലെ പല ഘടകങ്ങളായ നമ്മുടെ സംഭാഷണ രീതി, നാം ഭക്ഷിക്കുന്ന ആഹാരം എന്നിവ എങ്ങനെ നമ്മിൽ സംസ്കാരങ്ങൾ ഉണ്ടാക്കുന്നു വെന്നതിനെക്കുറിച്ച് അദ്ദേഹം സംസാരിച്ചു. ധ്യാനത്തിനുശേഷം നമ്മുടെ അവസ്ഥയിൽ ലയിച്ച് കുറച്ച് നേരമിരിക്കേണ്ടതിനേക്കുറിച്ചും അതിനെ പരമാവധി നിലനിർത്തുവാൻ ശ്രമിക്കേണ്ടതിനെക്കുറിച്ചും അദ്ദേഹം എടുത്ത് പറഞ്ഞു. 4–ാം തിയതിയിലെ തൻെറ സമാപന പ്രഭാഷണത്തിൽ എല്ലാവരേയും അഭിനന്ദിച്ച അദ്ദേഹം ഈ വർഷം പൂജ്യ ലാലാജി മഹരാജിനാൽ തുടങ്ങിയ സംഘടിത സത്സംഗങ്ങളുടെ 100–ാം വാർഷികമാണെന്നു പറഞ്ഞു. 2–ാം തീയതി എല്ലാ പ്രിഫെക്റ്റുമാരേയും സെൻറർ-ഇൻ-ചാർജ്ജ്, സോണൽ-ഇൻ-ചാർജ്ജുമാരേയും അവിടത്തെ സ്ഥിരമായുള്ള ധ്യാനമന്ദിരത്തിൽ വെച്ച് അദ്ദേഹം അഭിസംബോധന ചെയ്തു. ഫിബ്രവരി 3–നു വളൻറിയർമാർക്കായി ഒരു പ്രത്യേക സത്സംഗവും അദ്ദേഹം നടത്തി.

ഉത്സവ വേദിയിലുടനീളം വിവിധ വിഷയങ്ങളെ പ്രതിപാദിക്കുന്ന ഭംഗിയുള്ള പോസ്റ്ററുകൾ സംഘാടകർ വിന്യസിച്ചിരുന്നു. ധ്യാനമന്ദിരത്തിനു തൊട്ട് പുറത്തായി ലാലാജി മഹരാജിനെക്കുറിച്ചുള്ളൊരു വിവരണമുണ്ടായിരുന്നു. കാൻറീനിനും കുട്ടികളുടെ സെൻററിനും എതിർവശത്തായി സ്വഭാവ രൂപികരണത്തിനേയും പത്ത് പ്രമാണങ്ങളേയും കുറിച്ചുള്ള ആകർഷകമായ പോസ്റ്ററുകളുണ്ടായിരുന്നു. കൊട്ടേജിന് ചുറ്റുമുള്ള ഭാഗം "മൗന മേഖല"യായി അടയാളപ്പെടുത്തിയിരുന്നു. ഹൃദയാസ്പദമായ മൗന വിചിന്തനങ്ങൾക്കും ധ്യാനത്തിനുമായി ആ മേഖലയെങ്ങിനെ ഉപയോഗിക്കണമെന്ന് വിവരിക്കുന്ന പോസ്റ്ററുകളവിടെ വിന്യസിച്ചിരുന്നു.

കുട്ടികളെ ചെറു കുഞ്ഞുങ്ങൾ (Tiny Tots) (0–6 വയസ്സ്), ചെറു താരകങ്ങൾ (Little Stars) (7–12 വയസ്സ്), പിന്നെ യുവജനങ്ങൾ (Young Adults) (13–17 വയസ്സ്) എന്നിങ്ങനെയുള്ള മൂന്ന് സംഘങ്ങളായി കുട്ടികളുടെ സെൻററിൽ തരം തിരിച്ചിരുന്നു. ഓരോ വിഭാഗത്തിലും സദാചാര മൂല്യങ്ങളേയും മിഷനെ കൂടുതൽ മനസ്സിലാക്കുവാനുതകുന്നതുമായ വിവിധ പരിപാടികളിലായി അവരെ വ്യാപൃതരാക്കുവാനായി നിശ്ചിത വളൻറിയർമാരുണ്ടായിരുന്നു. അവരുടെ കഴിവുകളെടുത്ത് കാണിക്കുന്ന ഒരു കലാപരിപാടിയുമുണ്ടായിരുന്നു.



## മണപാക്കത്തു നിന്നുള്ള വാർത്തകൾ

### ഡിസംബർ 2013

**ഡിസംബർ 2–14, 2013**

**പ്രിഫക്റ്റുകൾക്കുള്ള പരിശീലന പരിപാടി:** എക്കോസിൻെറ മുൻ ലക്കങ്ങളിൽ സൂചിപ്പിച്ചിരുന്ന പോലെ ഇരുപതോളം വരുന്ന പ്രിഫെക്റ്റാകുവാൻ തിരഞ്ഞെടുക്കപ്പെട്ട നിർദ്ദിഷ്ട അഭ്യാസികളെ മണപ്പാക്കം ആശ്രമത്തിലേയ്ക്ക് പരിശീലനത്തിനും പ്രിഫെക്റ്റ് ആയി നിശ്ചയിക്കുന്നതിനും വേണ്ടി ക്ഷണിക്കപ്പെട്ടിരുന്നു. എല്ലാ ദിവസവും രാവിലെ മാസ്റ്റർ ഈ ഇരുപത്തിരണ്ടു പേരേയും കോട്ടേജിലെയ്ക്ക് വിളിച്ച് സിറ്റിംഗുകൾ നൽകി. ഒന്നോ രണ്ടോ തവണ പ്രഭാഷണം നടത്തുകയും ഒരു തവണ ഇവരിലോരോരുത്തരേയും നേരിൽ കണ്ട് സംസാരിച്ചു. അവസാന സിറ്റിംഗുകൾ നാലു ദിവസങ്ങളായി നൽകാനായിരുന്നു തീരുമാനിച്ചിരുന്നതെങ്കിലും മാസ്റ്റർ എല്ലാവർക്കും അവസാന സിറ്റിംഗ് ഡിസംബർ ആറാം തിയ്യതി നൽകി. എല്ലാ സിറ്റിങ്ങുകളും കഴിഞ്ഞ് അവരുടെ സർട്ടിഫിക്കറ്റുകളും വിതരണം ചെയ്യപ്പോൾ മാസ്റ്ററുടെ മുഖത്ത് സന്തോഷവും സംതൃപ്തിയും പ്രകടമായിരുന്നു.

**ഡിസംബർ 15 2013, ഞായറാഴ്ച:** സത്സംഗവും മാസ്റ്റർക്ക് നമ്മോടുള്ള സ്നേഹത്തെക്കുറിച്ച് ഒരു ചെറു പ്രഭാഷണവും സഹോദരൻ കമലേഷ് നടത്തി. മാസ്റ്ററുടെ സ്നേഹം പ്രതീക്ഷകളൊന്നും കൂടാതെയാണ്. പക്ഷെ അദ്ദേഹത്തോട് നമുക്കുള്ള സ്നേഹം പ്രതീക്ഷകളോടെയാണ്.

**നിദ്രാ വിദഗ്ദ്ധൻ:** അമേരിക്കയിൽ നിന്നും വന്ന 'നിദ്രാ വിദഗ്ദ്ധ'നായ ഡോകടറുമൊത്ത് മാസ്റ്റർ അര മണിക്കൂർ ചിലവഴിച്ചു. അദ്ദേഹത്തിൻെറ ജോലിയെക്കുറിച്ച് മാസ്റ്റർ വളരെ കൗതുകത്തോടെ ചോദിച്ചറിഞ്ഞു. ശരീരത്തിലെ വിവിധ പോഷകങ്ങളുടെ കുറവ് എങ്ങനെ ഉറക്കത്തെ ബാധിക്കുന്നു എന്നു ഡോക്ടർ വിശദീകരിച്ചു. മാസ്റ്റർ ദിവസവും ഇളനീർ കുടിക്കണമെന്നു ഡോക്ടർ നിർദ്ദേശിച്ചു. "ഇളനീർ എനിക്കിഷ്ടമാണ്; എനിക്കിഷ്ടമുള്ളവ നിർദ്ദേശിക്കുന്ന ഡോക്ടർമാരേയും" എന്നു മാസ്റ്റർ പുഞ്ചിരിച്ചു കൊണ്ടു പറഞ്ഞതു എല്ലാവരിലും ചിരിയുണർത്തി.

**ശ്രീലങ്ക:** ഡിസംബർ പകുതിയോടെ സെമിനാറിൽ പങ്കെടുക്കാനായി മണപാക്കത്തെത്തിയ അറുപതോളം ശ്രീലങ്കൻ അഭ്യാസികൾ ഒരു ദിവസം കോട്ടേജിലേയ്ക്ക് വന്നു. സെൻററുകൾ വളർന്നു വരുന്നതിനാൽ കൂടുതൽ പ്രിഫെക്റ്റുമാരെ വേണമെന്ന അവരുടെ ആവശ്യം മാസ്റ്ററെ സന്തോഷ ഭരിതനാക്കി.



**വെയിൽ കൊള്ളുന്ന നേരം:** മാസ്റ്റർ പതിവായി പുറത്തു വന്നു വെയിൽ കൊള്ളാറുണ്ടായിരുന്നു. മിക്കവാറും ദിവസങ്ങളിൽ കോട്ടേജിനു മുൻവശത്തും ചില ദിവസങ്ങളിൽ പുറകിലും ആണ് ഇരിക്കാറ്. ചില ദിവസങ്ങളിൽ ചർച്ചകളും അല്ലാത്ത ദിവസങ്ങളിൽ തികഞ്ഞ നിശ്ശബ്ദതയും ഈ വേളകളുടെ പ്രത്യേകതയായിരുന്നു. ഇതിനെക്കുറിച്ച് മാസ്റ്റർ ഇങ്ങനെ അഭിപ്രായപ്പെട്ടു, "എനിക്കു ചുറ്റിലും ആളുകൾ വേണം. വെറും സൂര്യപ്രകാശമല്ല, ഹൃദയവും. അതു സൂര്യപ്രകാശത്തിൻേറയും മനുഷ്യ ഹൃദയത്തിൻേറയും താത്പര്യത്തിൻേറയും സമന്വയമാണ്".

മാസ്റ്റർക്ക് ഡിസംബർ 22നു നടന്ന ത്വക് മാറ്റിവെക്കൽ ശസ്ത്രക്രിയയുടെ മുറിവുണങ്ങാൻ ഏതാനും ദിവസങ്ങൾ വേണ്ടിവന്നു.

**ക്രിസ്മസ്:** ഡിസംബർ 25, 2013, ബുധൻ: മാസ്റ്റർ രാവിലെ നേരത്തെ എഴുന്നേറ്റു 7 മണിക്കു മുൻപെ തന്നെ തയ്യാറായി. ഉന്മേഷവാനായി കാണപ്പെട്ട അദ്ദേഹം ചുറ്റുംകൂടിനിന്നവർക്ക് ക്രിസ്മസ് ആശംസകൾ നേർന്നു. ഡോക്ടർമാരുടെ അഭിപ്രായം മാനിച്ച് അദ്ദേഹം ധ്യാനമന്ദിരത്തിൽ സത്സംഗം നടത്താൻ പോകേണ്ടെന്നു തീരുമാനിച്ചു. അദ്ദേഹത്തിൻെറ പ്രഭാത ഭക്ഷണം കഴിയുമ്പോഴേക്കും ഹാളിൽ കൂടിയിരുന്ന നൂറോളം അഭ്യാസികൾക്കായി അദ്ദേഹം സത്സംഗം നടത്തി. ശ്രദ്ധിക്കുക, പൊരുളിനെ ധ്യാനിക്കുക എന്നിട്ടതിൽ നിന്നുള്ള പാഠം ഉൾക്കൊള്ളുക എന്നീ വിഷയങ്ങളെ ആസ്പദമാക്കി സംസാരിച്ചു. ഇല്ലെങ്കിൽ നാം ഒന്നും ഉൾക്കൊണ്ടിട്ടില്ലാത്ത വെറും വിദ്യാഭ്യാസമുള്ളവരായി മാത്രം അവശേഷിക്കും.

### ജനുവരി 2014



മാസ്റ്റർ ജനുവരി എട്ടാം തിയതി സഹോദരൻ കമലേഷിൻെറ പുതിയ വീട്ടിലേക്കു പോയി. അഭ്യാസികൾ നിരന്നു നിന്നിരുന്ന വഴിയിലൂടെ സഹോദരൻ കമലേഷ് മാസ്റ്ററുടെ വീൽ ചെയർ ഉന്തിക്കൊണ്ടു പോയി. മാസ്റ്റർ റിബൺ മുറിക്കുകയും അകത്തു ചെല്ലുകയും പ്രസാദം നൽകുകയും ചെയ്തു. അതുകഴിഞ്ഞ് മാസ്റ്റർ സത്സംഗം നൽകി. പക്ഷെ ഒരു 35 മിനുറ്റായപ്പോഴേക്കും ഒരു മൊബൈൽ എല്ലാവരേയും ശല്യപ്പെടുത്തിക്കൊണ്ട് ശബ്ദിക്കുകയും മാസ്റ്റർ സത്സംഗം നിറുത്തുകയും ചെയ്തു. നിരാശനായ മാസ്റ്റർ വളരെ കർശനമായി സംസാരിച്ചു. കിടപ്പുമുറിയിലെത്തിയപ്പോൾ അദ്ദേഹം പറഞ്ഞു – "സിറ്റിംഗ് വളരെ വ്യത്യസ്തമായതായിരുന്നു പക്ഷെ മൊബൈലിൻെറ ശബ്ദം എന്നെ ശല്യപ്പെടുത്തിയതുകൊണ്ട് എനിക്ക് നിർത്തേണ്ടി വന്നു".

മാസ്റ്റർ സഹോദരൻ കമലേഷിൻെറ വീട്ടിൽ താമസിക്കാൻ

continued...







നിശ്ചയിച്ചതല്ലായിരുന്നു പക്ഷെ അദ്ദേഹം മനസ്സുമാറ്റി അവിടെ കുറച്ചു ദിവസം താമസിക്കാൻ തീരുമാനിച്ചു. മാസ്റ്ററെ പിടിച്ചുനിർത്തുന്ന തരത്തിലുള്ള ഒരു സൂക്ഷ്മവും ആദ്ധ്യാത്മികവുമായ അന്തരീക്ഷം വീട്ടിൽ നിലനിർത്തുന്നതിൻെറ ആവശ്യകതയെപ്പറ്റി ഊന്നിപ്പറഞ്ഞു. അവിടെയായിരുന്നപ്പോൾ അദ്ദേഹം ഇറാനിൽ നിന്നും പിത്തോറഗറിൽ നിന്നും മറ്റും വന്ന അഭ്യാസികളുമായി കൂടിക്കാഴ്ച നടത്തി. ഒരു വൈകുന്നേരം, അദ്ദേഹം നൂറോളം അഭ്യാസികളാൽ നിറഞ്ഞുനിന്ന ഹാളിലിരിക്കുകയും അവരുമൊത്ത് കുറച്ച് സമയം ചിലവഴിക്കുകയും ചെയ്തു.

**ജനുവരി 14, 2014: പൊങ്കൽ**

മാസ്റ്റർ കാലത്തെ തയ്യാറായി. മാസ്റ്റർ മെഡിറ്റേഷൻ ഹാളിലേക്കു പോവുമ്പോൾ ക്ഷമയോടെ വരിയിൽ നിന്ന എല്ലാ അഭ്യാസികളെയും അഭിവാദ്യം ചെയ്തു. സത്സംഗത്തിനുശേഷം ഒരു ഭജൻ ആലാപനമുണ്ടായിരുന്നു. അത് കഴിഞ്ഞു മാസ്റ്റർ കോട്ടേജിലേക്കു മടങ്ങി. സത്സംഗത്തിനുശേഷം ക്ഷീണിതനായിരുന്നെങ്കിലും, അദ്ദേഹം കുറച്ച് സമയം കോട്ടിജിൻെറ പുറത്ത് വെയിലത്തിരുന്നു. പിത്തോറഗറിൽ നിന്നുള്ള 150 അഭ്യാസികളും ഏതാണ്ട് ഇരുപത്തഞ്ച് ഒമേഗാ ഹോസ്റ്റൽ വിദ്യാർത്ഥികളും അദ്ദേഹത്തെ കാണുവാനെത്തി. അവിടെയിരിക്കവെ, സഹോദരന്മാരായ പി ആർ കൃഷ്ണയും കമലേഷുമൊത്ത് തിരുവള്ളൂർ ആശ്രമത്തിൽ പണിയാനിരിക്കുന്ന കോട്ടേജിൻെറ രൂപരേഖയെക്കുറിച്ച് മാസ്റ്റർ ചർച്ചചെയ്തു.

**ജനുവരി 15 ബുധനാഴ്ച : തിരുവള്ളൂ രിലെ കോട്ടേജിൻെറ ഭൂമിപൂജ**

രാവിലത്തെ ധ്യാനത്തിനു ശേഷം മാസ്റ്റർക്ക് നല്ല ക്ഷീണവും ഒരു പനിക്കോളും അനുഭവപ്പെട്ടതിനാൽ തൻെറ ഡോക്ടറുടെ നിർദേശപ്രകാരം അദ്ദേഹം തിരുവള്ളൂർക്കുള്ള യാത്ര വേണ്ടെന്നു









വച്ചു. പകരം അദ്ദേഹം സഹോ.കമലേഷിനെ ആ കർമ്മം നിർവഹിക്കാൻ നിയോഗിച്ചു. 1500–ൽ പരം ആളുകൾ പങ്കെടുത്ത പരിപാടി വളരെ ഭംഗിയായി നടന്നു എന്ന് അവർ മടങ്ങി വന്നപ്പോൾ മാസ്റ്ററെ അറിയിച്ചു.

### അദ്ദേഹത്തിൻെറ ആരോഗ്യം

ഈ മാസത്തിൻെറ മധ്യത്തിൽ ജലദോഷവും ചുമയും ബാധിച്ചതിനാൽ മാസ്റ്റർ പറഞ്ഞു, "എനിക്കു അസുഖമുള്ളപ്പോൾ ആളുകൾ എന്നെ കണാൻ വരാതിരിക്കുന്നതാണു നല്ലത്. അവർക്കു എന്നിൽ നിന്നും അസുഖം പകരുമോ എന്നാണെൻെറ വ്യാകുലത." അദ്ദേഹം പാട്ടു കേൾക്കുകയും പുസ്തകങ്ങൾ വായിച്ചു കേൾക്കുകയും ചെയ്തു.

### ജനുവരി 18 – 24 : ഇൻറർനാഷണൽ സ്കോളർഷിപ് ട്രെയിനിംഗ് പ്രോഗ്രാം.

മാസ്റ്റർക്കിത് പ്രിഫക്ടുമാരെ തയ്യാറാക്കാനുള്ള ഒരു മാരത്തോൺ ആയി മാറി. ഞായറാഴ്ച ഐഎസ്ടിപി-യിൽ പങ്കെടുത്തവരെ മാസ്റ്റർ കാണുകയും അവർക്കു സിറ്റിംഗ് നൽകുകയും ചെയ്തു. അതിനുശേഷം അദ്ദേഹം പ്രിഫക്ടുമാർക്കു, മുപ്പതു അഭ്യാസികളെ പ്രിഫക്ടുകൾ ആക്കുവാനുള്ള പ്രാരംഭ സിറ്റിംഗ് കൊടുക്കുവാനായി ചുമതല കൊടുത്തു. ആഴ്ചയുടെ തുടക്കത്തിൽ അദ്ദേഹത്തിന് ദേഹാസ്വാസ്ഥ്യം അനുഭവപ്പെട്ടെങ്കിലും വെള്ളിയാഴ്ചയായപ്പോഴേക്കും ഈ ജോലിമുഴുമിപ്പിക്കുവാൻ സാധിച്ചു. അവസാന സിറ്റിംഗിനു ശേഷം അദ്ദേഹം, പുതിയതായി നിയമിച്ച പുതിയ പ്രിഫക്ടുമാരെ ഒരോരുത്തരെയായി കാണുകയും അവർക്ക് പ്രസാദവും പ്രിഫക്ട് സർട്ടിഫിക്കറ്റും കൊടുക്കുകയും ചെയ്തു. അദ്ദേഹം പറഞ്ഞു, "ഞാൻ ജോലിക്കു തടസ്സം വരാതിരിക്കുവാൻ വേണ്ടി സിറ്റിംഗ് കഴിയുവോളം എൻെറ ചുമ അടക്കിപ്പിടിക്കുകയായിരുന്നു.".

### ഞായർ, ജനുവരി 26, 2014

മാസ്റ്റർ സഹോ.കണ്ണൻെറ ഗീതാപ്രഭാഷണം കേട്ടു ഉത്സാഹഭരിതനായി കാണപ്പെട്ടു. വൈകുന്നേരം സത്സംഗം നടക്കുന്ന സമയത്തു അദ്ദേഹം ആശ്രമം മുഴുവൻ ചുറ്റിക്കണ്ടു. ദക്ഷിണാഫ്രിക്കയിൽ നിന്നുള്ള അഭ്യാസികളെ കോട്ടേജിനു വെളിയിൽ 5.45 നു കണ്ടു. കോട്ടേജിനു മുന്നിൽ കൂടിയിരുന്ന അഭ്യാസികളോടു അദ്ദേഹം കുറച്ചു നേരം സംസാരിച്ചു.

### ജനുവരി 31, ചൈനീസ് പുതുവത്സരം

മാസ്റ്റർ വളരെ നേരത്തെ എഴുന്നേൽക്കുകയും, പുറത്തു വന്നിരുന്നതിനാൽ വളരെ ഉത്സാഹഭരിതനും സന്തോഷവാനുമായിരുന്നു. ചൈനീസ് അഭ്യാസികൾ വന്നു മാസ്റ്റർക്ക് എന്തോ കൊടുക്കുകയും അവരെ മാസ്റ്റർ ചൈനീസ് ഭാഷയിൽ പുതുവത്സരാശംസകൾ അറിയിക്കുകയും ചെയ്തു.

മൂന്നു ബസ്സുകളിലായി അഭ്യാസികൾ തിരുപ്പൂർക്ക് പോകുവാൻ തയ്യാറായി നിൽക്കുകയായിരുന്നു. മാസ്റ്റർ അതിൻെറ ചുമതല വഹിക്കുന്ന ആളെ കണ്ട്, ബസുകൾ പോകേണ്ടതെങ്ങനെയെന്നും, ഒന്നിനു പുറകായി പോവണമെന്നും, പരസ്പരം കാഴ്ചയിൽ നിന്നും വിട്ടുപോവരുതെന്നും നിർദ്ദേശം നൽകി. പ്രഭാതഭക്ഷണത്തിനു ശേഷം മാസ്റ്റർ കനേഡിയൻ അഭ്യാസികളെ വരാന്തയിൽ വച്ചു കാണുകയും, അവർക്കു ഒരു ആശ്രമം ലഭിച്ചതിൻെറ സന്തോഷം പങ്കു വെക്കുന്നതിനായി അവർ ഒരു കേക്ക് മുറിക്കുകയും ചെയ്തു. മാസ്റ്റർ എല്ലാവരേയും അനുമോദിക്കുകയും എല്ലാവരുമായി കേക്ക് പങ്കുവയ്ക്കുകയും ചെയ്തു.





## ഓഷ്യാന്യ സെമിനാർ

**7–12 ജനുവരി 2014, മണപാക്കം**

ഓഷ്യാനയിൽ ഉൾപ്പെടുന്ന ഓസ്ട്രേലിയ, ഫിജി, ന്യൂ കാലിഡോണിയ, ന്യൂസീലാൻഡ് എന്നീ സെൻററുകളിൽ നിന്നുള്ള അഭ്യാസികൾ മണപാക്കം ആശ്രമത്തിൽ ജനുവരി 7 മുതൽ 12 വരെ ഒത്തുചേർന്നു. സെമിനാറിനു മുൻപായി 4 മുതൽ 6–ാം തീയതി വരെ ഒരു പ്രിഫെക്റ്റ് സെമിനാറും സംഘടിപ്പിച്ചിരുന്നു. സുഖമില്ലാതിരുന്നിട്ടും മാസ്റ്റർ 4–ാം തീയതി രാവിലെ നൽപ്പതു പ്രിഫെക്റ്റുകൾക്കായി സത്സംഗം നടത്തിയ ശേഷം ഹൃദയസ്പർശിയായ ഒരു പ്രഭാഷണം നൽകുകയും മുറ്റത്ത് ഒരു മണിക്കൂറോളം സമയം അവരോടൊപ്പം ചിലവഴിക്കുകയും ചെയ്തു. ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച ശിൽപശാല പ്രിഫെക്റ്റുകൾക്ക് വളരെ പ്രയോജനകരമായിരുന്നു.

200 അംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ ഓസ്ട്രേലിയയുടെയും ന്യൂസീലാൻഡിൻെറയും വാർഷിക പൊതു യോഗത്തോടുകൂടി 7–ാം തിയതി ഓഷ്യാനിയ സെമിനാർ ആരംഭിച്ചു. സഹോദരൻ കമലേഷ് യോഗത്തെ അഭിസംബോധന ചെയ്തു. സ്വവിശകലനത്തിനും സിറ്റിങ്ങുകൾക്കും ഗ്രന്ഥശാല സന്ദർശിക്കുന്നതിനുമായി മദ്ധ്യാഹ്നങ്ങൾ മാറ്റിവെച്ചിരുന്നു. യുവാക്കൾ സംഘടിപ്പിച്ച പരിപാടി അവർക്കിടയിൽ ഒരു പുതിയ ബന്ധം പടുത്തുയർത്തുന്നതിനു സഹായകമായി. തൻെറ അനാരോഗ്യം കാരണം മാസ്റ്റർ നേരിട്ട് അവിടെ ഉണ്ടായിരുന്നില്ലെങ്കിലും അദ്ദേഹത്തിൻെറ സ്നേഹവും സാമീപ്യവും പ്രവേശിച്ചപ്പോൾ മുതൽ എല്ലാ പരിപാടികളുടെ പുറകിലും വ്യക്തമായിരുന്നു.

10–ാം തീയതി യുവാക്കളെ അഭിസംബോധന ചെയ്ത സഹോദരൻ കമലേഷിൻെറ സന്ദേശം വളരെ വ്യക്തമായിരുന്നു. “തങ്ങളുടെ നിത്യ ജീവിതത്തിലെ പ്രവർത്തികളായ ഭക്ഷണം കഴിക്കൽ, ഉറക്കം, വർത്തമാനം എന്നിവയ്ക്കിടയിൽ ആധ്യാത്മികതയെ ഉൾക്കൊള്ളിക്കതക്കവണ്ണം എങ്ങനെ നമ്മുടെ സമയം പ്രയോജനപ്പെടുത്തണം”.

11–ാം തീയത് വൈകുന്നേരം മാസ്റ്റർ തൻെറ അനാരോഗ്യം വകവെയ്ക്കാതെ കോട്ടേജിൻെറ മുറ്റത്ത് അവരോടൊപ്പം സമയം ചിയലവഴിക്കുകയും, സദാചാരപരമായ സ്വഭാവത്തെക്കുറിച്ച് സംസാരിക്കുകയും ഒരു സിറ്റിംഗ് നൽകുകയും ചെയ്തു. ന്യൂസീലാൻഡിൽ നിന്നുള്ള സഹോദരിമാരുടെ മാവോറിയിലുള്ള ഗാനാലാപനം കേട്ടശേഷം അദ്ദേഹം തൻെറ മുറിയിലേക്ക് മടങ്ങി. ഞായറാഴ്ച രാവിലെ മാസ്റ്റർ നൽകിയ സത്സംഗം ഒരു ഉത്കൃഷ്ടമായ സമാപനമേകി. സമാപന വേളയിലുള്ള സഹോ കമലേഷിൻെറ പ്രസംഗത്തിൽ അദ്ദേഹം നാം നമ്മുടെ അവസ്ഥ നിലനിർത്തേണ്ടതിൻെറയും നമ്മുടെ വീടുകളിലേക്ക് മടങ്ങിയതിനുശേഷം സമയം നല്ല രീതിയിൽ ഉപയോഗപ്പേടുത്തേണ്ടതിൻെറയും പ്രാധാന്യം ഊന്നിപ്പറഞ്ഞു.



## ആഫ്രിക്കൻ സെമിനാർ

**മണപാക്കം, ജനുവരി 2014**



“വിശ്വസിച്ചാലും, നിങ്ങളെൻെറ കൂടെ ഇവിടെ ഉണ്ടെങ്കിലും ഇല്ലെങ്കിലും ഞാൻ നിങ്ങളോടൊപ്പമുണ്ട്”

ബോട്സ്വാന, കാമറൂൺ, ഈജിപ്ത്, കെന്യ, മഡഗാസ്കർ, മൗറീഷ്യസ്, മൊറോക്കൊ, റീയൂണിയൻ, സൗത്ത് ആഫ്രിക്ക, ടൻസാനിയ, ഉഗാണ്ഡ എന്നീ പതിമൂന്ന് ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നായി 163 അഭ്യാസികൾ ജനുവരി 20–ാം തീയതിയോടെ എത്തിചേർന്നു. ദിവസേന മൂന്നു സത്സംഗങ്ങളും, രാവിലെ 6:30, 9:00, പിന്നെ വൈകുന്നേരം 5:00 മണി, കൂടാതെ ഉച്ചസമയങ്ങളിൽ സിറ്റിങ്ങുകളും ഉണ്ടായിരുന്നു. ഇതുകൂടാതെ പ്രഭാഷണങ്ങൾ, മാസ്റ്ററുടെ വീഡിയോകൾ, അഭ്യാസി ശിൽപശാലകൾ, ഫെസിലിറ്റേറ്റർമാർക്കുള്ള ശിൽപശാലകൾ, പ്രിഫെക്റ്റ് സെമിനാറുകൾ മാസ്റ്ററുമായുള്ള കൂടിക്കാഴ്ച എന്നിവയും ഉണ്ടായിരുന്നു.

സഹോ. രാജേഷ് രാത്തോഡിൻെറയും സഹോ.കമലേഷിൻെറയും പ്രഭാഷണങ്ങൾ മുന്നോട്ടുള്ള പാതയെക്കുറിച്ച് വിശദീകരണം നൽകി.

തലേദിവസം മാസ്റ്റർ സ്കോളർഷിപ് ട്രെയിനികൾക്കായി നൽകിയ പ്രഭാഷണം അഭ്യാസികൾ വീക്ഷിച്ചു. ഒരോരുത്തരും മെഴുകുതിരി കത്തിക്കാനുപയോഗിക്കുന്ന തീപ്പെട്ടികൊള്ളിയാകണമെന്നും, നാം നമ്മുടെ പ്രവൃത്തിയിലും സ്വഭാവത്തിലും പരിണാമം വരുത്തുന്നതിലൂടെ മറ്റുള്ളവരിൽ പരിണാമം വരുത്താനുള്ള ഉപാധിയായിതീരണമെന്ന് അദേഹം പറഞ്ഞു.

അഭ്യാസികൾക്കിടയിൽ സമന്വയവും സമ്പർക്കവും വർദ്ധിപ്പിക്കുന്നതിനായി അവരെ ചെറു സംഘങ്ങളായി വിഭജിച്ചു. അവരോട് തങ്ങളെ സംബന്ധിക്കുന്ന മൂന്നു ചോദ്യങ്ങൾക്കുള്ള ഉത്തരം മറ്റുള്ളവരുമായി പങ്കുവെയ്ക്കാനാവശ്യപ്പെടുകയും ചെയ്തു. മാനുഷിക തലത്തിൽ ഇത് വളരെ വൈകാരികവും സ്പർശിക്കുന്നതുമായിരുന്നു. കണ്ണുനീരും ചിരിയും കലർന്ന ഈ പരിപാടി ആഫ്രിക്കൻ സഹോദരീ സഹോദരന്മാർക്കിടയിൽ കൂടുതൽ അടുപ്പവും സഹകരണവും സ്ഥാപിക്കുവാൻ സഹായിച്ചു.

പുതിയ അഭ്യാസികളെ ആദ്യ ദിവസം തന്നെ മാസ്റ്റർക്കു പരിചയപ്പെടുത്തി. മാസ്റ്റർ മറ്റൊരു ദിവസം സത്സംഗം നടത്തി. ജനുവരി 26–ന് വൈകുന്നേരത്തെ സത്സംഗത്തിനുശേഷം അവരെ മാസ്റ്ററുമായി ഒരു കൂടിക്കാഴ്ചയ്ക്ക് ക്ഷണിച്ചു. ആഫ്രിക്കൻ അഭ്യാസികളിൽ ഉണ്ടായിരുന്ന ചില അശങ്കകളും ഉത്കണ്ഠകളും ഈ വേളയിൽ മാസ്റ്റർ അഭിസംബോധന ചെയ്തു.

## പൂജ്യ ലാലാജി മഹരാജിൻെറ ജന്മദിനാഘോഷം – ഇന്ത്യ


ജോധ്പൂർ


മുംബൈ


ഭിൽവാഡ


കൊൽകത്ത


ഒസ്മനാബാദ്


ലക്നൗ


ഹൂബ്ലി


ചിഖലി


വരൻഗാവ്


ഗുൽബർഗ

## അഖിലേന്ത്യാ ഉപന്യാസരചനമത്സരം 2013

അന്താരാഷ്ട്ര യുവദിനം കൊണ്ടാടുന്നതിനായി എല്ലാ വർഷവും എസ്ആർസിഎം-ഉം യുണൈറ്റഡ് നേഷൻസ് ഇൻഫൊർമേഷൻ സെൻറർ(UNIC), ഇന്ത്യ, ഭൂട്ടാൻ എന്നീ സംഘടനകൾ സംയുക്തമായി നടത്തിയ അഖിലേന്ത്യാ ഉപന്യാസരചനമത്സരം 2013-ലൂടെ ഇരു സംഘടനകളുടെയും ഈ സംയുക്തസംരംഭം ഒമ്പതാം വർഷത്തിലേയ്ക്ക് കടന്നിരിക്കുകയാണ്. കാറ്റഗറി ഒന്നി(ഒമ്പതാം ക്ലാസ്സ് മുതൽ 12 ആം ക്ലാസ്സ് വരെ)ന് നൽകിയ വിഷയം ലാലാജി മെമ്മോറിയൽ സ്കൂളിലെ കുട്ടികൾക്ക് മാസ്റ്റർ നൽകിയ പ്രഭാഷണത്തിലെ ഒരു ഉദ്ധരണിയായിരുന്നു: "ഹൃദയങ്ങൾ തുറന്നെങ്കിൽ മാത്രമേ മനസ്സുകൾ തുറക്കുകയുള്ളൂ." ഹെൻറി ഡേവിഡ് തോറിയോയുടെ ചിന്തോദ്ദീപകമായ: "നിങ്ങൾ എങ്ങനെ നോക്കുന്നു എന്നതല്ല മറിച്ച് എങ്ങനെ കാണുന്നു എന്നുള്ളതാണ് പ്രധാനം." എന്ന വാക്യമായിരുന്നു ബിരുദ-ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ ഉൾപ്പെടുന്ന രണ്ടാം കാറ്റഗറിയിൽപ്പെട്ടവർക്ക് നൽകിയിരുന്ന വിഷയം. തന്നിരിക്കുന്ന വിഷയത്തെപ്പറ്റി പരസ്പരം ചർച്ച ചെയ്യാനും, ഗവേഷണം നടത്താനും, മനനം ചെയ്യാനും, തങ്ങൾ മനസ്സിലാക്കിയത് എന്തെന്ന് അവതരിപ്പിക്കാനും പങ്കെടുക്കുന്ന എല്ലാവർക്കും സ്വാതന്ത്ര്യമുണ്ടായിരുന്നു.



സിവഗംഗൈ


ബീവർ


ബെല്ലാരി


കൊൽകത്ത


ഔറംഗബാദ്



റാഞ്ചി

മത്സരത്തിൽ ഈ വർഷം 12,193 വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ 1,78,589 വിദ്യാർത്ഥികൾ പങ്കെടുത്തിരുന്നു. ഡോക്ടർ എ. എൻ. ഖോസ്ല ഡിഎവി പബ്ലിക് സ്കൂൾ, റൂർക്കലയിലെ(സോൺ 14, ഒറിസ്സ) ഹർഷിത ചാരിയാണ് കാറ്റഗറി ഒന്നിൽ ഒന്നാം സമ്മാനം നേടിയത്. ജയ്പുരിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ്, ജയ്പൂരിലെ(സോൺ 7, രാജസ്ഥാൻ) അങ്കുർ ചക്രവർത്തിയാണ് കാറ്റഗറി രണ്ടിൽ ഒന്നാമതെത്തിയത്. രണ്ടുപേർക്കും ട്രോഫിയും യുഎൻഐഎസി-യുടെ ഡയറക്റ്ററും എസ്ആർസിഎമ്മിൻെറ പ്രസിഡൻറും ഒപ്പിട്ട സെർട്ടിഫിക്കറ്റും സമ്മാനമായി ലഭിച്ചു. വിജയിച്ച രണ്ടുപേരുടെയും ഉപന്യാസങ്ങൾ മിഷൻ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്.

കഴിഞ്ഞ പല വർഷങ്ങളിലേത് പോലെ ഈ വർഷവും, എസ്ആർസിഎമ്മിൻെറ എല്ലാ സോണുകളിലും(2013-ൽ 30 സോണുകൾ) ഉപന്യാസരചനാമത്സരം സംഘടിപ്പിച്ചിരുന്നു. ഇന്ത്യയിലെല്ലായിടത്തുനിന്നും ഇതിന് നല്ല പങ്കാളിത്തം ലഭിച്ചിരുന്നു. വിവിധ സെൻററുകളിൽ നടത്തിയ പുരസ്കാരവിതരണം, സ്കൂൾ-സോണൽതല ജേതാക്കളെക്കൂടാതെ രക്ഷിതാക്കളുടെയും അദ്ധ്യാപകരുടെയും അഭൂതപൂർവ്വമായ പങ്കാളിത്തത്തിന് സാക്ഷ്യം വഹിച്ചു.

ഈ പരിപാടിയെപ്പറ്റിയുള്ള റിപ്പോർട്ടുകൾ ഇനിപ്പറയുന്ന സെൻററുകളിൽനിന്ന് ലഭിച്ചിരിക്കുന്നു: തെക്കൻ തമിഴ്നാട് (പരമകുടി, കോവിൽപട്ടി, തിരുപ്പൂർ, ഗോപിച്ചെട്ടിപ്പാളയം, ശിവഗംഗ), മഹാരാഷ്ട്ര(ചിഖലി, അഹമെദ്നഗർ, മുംബൈ, ഒസ്മാനബാദ്, പൂനെ, പൈത്തൻ), ഉത്തർപ്രദേശ്(ഔറംഗബാദ്, ബറേലി, ഹർദോയ്, മീററ്റ്, മൊറാദബാദ്, ലഖ്നൗ, ഷാജഹാൻപൂർ), വടക്കൻ കർണാടക(ഗുൽബർഗ്ഗ, ഹുബ്ബി, ബസവകല്യാൺ, ബെല്ലാരി, ബെൽഗാം), കേരള(ആലുവ, പാലക്കാട്), റാഞ്ചി, ഡൽഹി, പശ്ചിമബംഗാൾ(സിലിഗുരി, ഖരഗ്പൂർ, റാണിഗഞ്ച്, കൊൽക്കത്ത), രാജസ്ഥാൻ(ബീവർ, ബാലി), ആന്ധ്രപ്രദേശ്(കർണൂൽ), പഞ്ചാബ്(ജലന്ധർ).


റാണിഗഞ്ച്


കോവിൽപ്പട്ടി


മൊറാദബാദ്


ബഹേരി


പൈഥാൻ


പാലക്കാട്


പൂനെ


സീറോ


സിലിഗുഡി

# കുട്ടികളുടെ പരിപാടി.






## ഫുൽഗാവ് ആശ്രമം, മഹരാഷ്ട്ര

2013 ഡിസംബർ 25-നു 140 കുട്ടികൾക്കായി ഒരു പരിപാടി സംഘടിപ്പിച്ചു. സാന്തക്ലോസായി അണിഞ്ഞൊരുങ്ങിയ ഒരഭ്യാസി കുട്ടികളെ സ്വീകരിച്ചു. ഒമേഗ കുട്ടികൾ മാസ്റ്ററുമായി ചേർന്നെടുത്ത ഒരു വീഡിയൊ പ്രദർശനത്തൊടുകൂടി പരിപാടി ആരംഭിച്ചു. സദാചാര മൂല്യങ്ങൾ വളർത്തിയെടുക്കാനും സ്വഭാവ രൂപവൽക്കരണത്തിനും സഹായകമായ കളികളിലും മറ്റു ക്രിയാത്മക പരിപാടികളിലും കുട്ടികൾ വ്യാപൃതരായിരുന്നു. രക്ഷിതാക്കൾക്കായി ഒരു വെൽകം ഡെസ്ക് പ്രവർത്തിച്ചിരുന്നു. ടെറസ്സുകളിൽ എങ്ങനെ പച്ചക്കറി കൃഷി ചെയ്യാം എന്നതിനെക്കുറിച്ചുള്ള ഒരു പ്രദർശനത്തോടെ മുഴുദിന പരിപാടി സമാപിച്ചു. അടുത്ത പരിപാടിക്ക് മടങ്ങി വരുവാനുള്ള ഉത്സാഹത്തോടെ പ്രസന്നവദനരായി കുട്ടികൾ വീടുകലിലേക്ക് മടങ്ങി.

## ലൂധിയാന ആശ്രമം, പഞ്ചാബ്

ജനവരി 5-നു ഇരുപത്തിരണ്ട് കുട്ടികൾ പൂന്തോട്ടം ഉണ്ടാക്കുന്നതിനെപ്പറ്റി വിശദീകരിച്ച ഒരു പരിപാടിയിൽ പങ്കെടുത്തു. കുട്ടികളെ 3 സംഘമായി തിരിച്ച് അവർക്കെല്ലാവർക്കും ഇക്കാലത്ത് തോട്ടങ്ങളിൽ ഉപയോഗിച്ചുവരുന്ന ദോഷകരമായ രാസവളങ്ങളെപ്പറ്റിയും കീടനാശിനികളെപ്പറ്റിയും വിവരിച്ചുകൊടുത്തു. അവർ ചട്ടികളിൽ മണ്ണ് നിറച്ച് വിത്തുകളും തൈകളും പാവി. വസ്തുക്കളുടെ പ്രത്യേകതകൾ പഠിക്കാൻ നടത്തിയ പരിപാടി അവരുടെ ശബ്ദകോശം വളർത്തിയെടുക്കാൻ സഹായിച്ചു. അതേമാതിരി, "എന്തുകൊണ്ട് പ്രകൃതിയുമായി ഇണങ്ങിച്ചേരണം?" എന്ന വിഷയത്തെപ്പറ്റി നടത്തിയ എഴുത്തുപരിപാടി, ഒഴിവാക്കൽ, പുനർനിർമ്മാണം, പുനരുത്തേജനം, പുനരുപയോഗം, ചുരുക്കൽ എന്നീ ആശയങ്ങളെ വിവരിക്കാൻ സഹായിച്ചു.

## ജബൽപൂർ ആശ്രമം, മധ്യപ്രദേശ്

ഡിസംബർ 22-25 തിയ്യതികളിൽ നടത്തിയ ശൈത്യകാല ക്യാമ്പിൽ അറുപത്തിയഞ്ച് കുട്ടികൾ പങ്കെടുത്തു. മൂല്യാധിഷ്ഠിത വിദ്യാഭ്യാസം ആത്മീയ അന്തരീക്ഷത്തിൽ കുട്ടികൾക്ക് പകർന്നു കൊടുക്കാനുള്ള ഉദ്ദേശത്തോടുകൂടി രൂപപ്പെടുത്തിയതാണ് ഈ പരിപാടി. കർമനിരതരായ ഒരു സംഘം അഭ്യാസികൾ രൂപപ്പെടുത്തിയ ഈ പരിപാടിയിൽ വ്യായാമം, കളി, കരകൗശല വസ്തുക്കളുടെ നിർമാണം, ധാർമ്മിക മൂല്യങ്ങൾ നിറഞ്ഞ കഥകൾ എന്നിവ ഉണ്ടായിരുന്നു. പ്രചോദനാത്മകമായ സിനിമകളും ഉണ്ടായിരുന്നു. കുട്ടികൾ സംഘടിപ്പിച്ച ഒരു സാംസ്കരിക പരിപാടിയും ഇതിന്റെ ഭാഗമായിരുന്നു. ഇതിനുപരി കുട്ടികളുടെ ആരോഗ്യ പരിശോധന ക്യാമ്പും ഉണ്ടായിരുന്നു.

## കൊൽകത്ത, പശ്ചിമ ബംഗാൾ

2013 ഡിസംബർ 29-നു കൊൽക്കത്ത ആശമത്തിന്റെ ദശാബ്ദി ആഘോഷത്തോടനുബന്ധിച്ച് ഒരു കായികാഭ്യാസ പരിപാടി സംഘടിപ്പിച്ചു. പൂന്തോട്ടത്തിൽ കുട്ടികളുടെ നൃത്തത്തോടുകൂടി പരിപാടി ആരംഭിച്ചു. ഇതിനുശേഷം എല്ലാ പ്രായത്തിലുള്ളവർക്കും പലവിധ കായികാഭ്യസങ്ങൾ ഉണ്ടായിരുന്നു. തടസ്സങ്ങളിൽ കൂടിയുള്ള ഓട്ടം, മൂന്നുകാലിൽ ഓട്ടം, musical chair എന്നീ കുട്ടികൾക്കുള്ള പരിപാടികളായിരുന്നു അതിൽ ഏറ്റവും പ്രിയപ്പെട്ടവ. പത്തു പ്രമാണങ്ങളെ അടിസ്ഥാനമാക്കി നടത്തിയ പ്രോഗ്രാമിൽ എല്ലാ അഭ്യാസികളും പങ്കെടുത്തു. സമ്മാന വിതരണത്തിനുശേഷം ഉച്ച ഭക്ഷണത്തോടുകൂടി പരിപാടി അവസാനിച്ചു.










## യുവജന പരിപാടികൾ

### യുവാക്കളുടെ മീറ്റിംഗ്, ആലുവ, കേരള

ഫെബ്രവരി 15-16 തിയ്യതികളിൽ വലിയപറമ്പ്, കൊടുങ്ങല്ലൂർ, എറണാകുളം, ആമ്പല്ലൂർ, കാലടി, തൃശ്ശൂർ, പുലാനി, ആലുവ എന്നീ കേന്ദ്രങ്ങളിൽ നിന്നു വന്ന യുവാക്കൾ ആലുവ സോണൽ ആശ്രമത്തിൽ ഒന്നിച്ചുകൂടി. അത്തരം മീറ്റിങ്ങുകളിൽ നിന്നും അതിൽ പങ്കെടുക്കുന്നവർ പ്രതീക്ഷിക്കുന്നതെന്തെന്ന -റിയുകയായിരുന്നു ഈ പരിപാടിയുടെ ഉദ്ദേശം. ചെറുപ്പക്കാർ അവരുടെ സാധന യഥാവിധി ചെയ്യാൻ എങ്ങനെ പ്രോത്സാഹിപ്പിക്കാം എന്നും അതുവഴി പുതിയ ചെറുപ്പക്കാരെ എങ്ങനെ ഇതിലേക്ക് ആകർഷിപ്പിക്കാം എന്നതിനെപ്പറ്റിയും സഹജ മാർഗത്തിൻെറ മറ്റു അംശങ്ങളെപ്പറ്റിയും ചർച്ച ചെയ്തു. ഉച്ചക്കുശേഷം "ഹൃദയത്തിൽ നിന്നു ശ്രവിക്കുക" എന്ന മാസ്റ്ററുടെ പ്രഭാഷണ വീഡിയൊ പ്രദർശിപ്പിച്ചതിനുശേഷം ZIC ശ്രീ മോഹൻ സംസാരിച്ചു. അതിൽ സഹജ മാർഗ പരിശീലനവും ധ്യാനവും ആത്മ ധർമവുമായി എങ്ങനെ യോജിക്കപ്പെട്ടതാണെന്ന് വിശദീകരിക്കുകയും രാവിലത്തെ ചർച്ചകളിൽ ഉയർന്നുവന്ന ചോദ്യങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു

### യുവാക്കളുടെ സോണൽ സെമിനാർ, ഗുവഹാത്തി, അസ്സാം

ജനവരി 11-12 തിയ്യതികളിൽ 'പരിവർത്തനം' എന്ന വിഷയത്തെക്കുറിച്ച് ഒരു ദ്വിദിന പരിപാടി ഗുവഹാത്തി ആശ്രമത്തിൽ നടത്തി. ഈ സെമിനാറിൽ അസ്സാം, നഗാലാൻറ്, മണിപ്പൂർ, മേഘാലയ എന്നീ കേന്ദ്രങ്ങളിൽ നിന്നു വന്ന അമ്പത്തിരണ്ട് അഭ്യാസികൾ പങ്കെടുത്തു. മുതിർന്ന അഭ്യാസിക ളുടെ പ്രഭാഷണം, ഗ്രൂപ് ചർച്ചകൾ, ആത്മ പരിശോധന, ചോദ്യോത്തര വേളകൾ എന്നിവ സഹജ മാർഗത്തെപ്പറ്റി കൂടുതൽ അറിയാൻ സഹായിച്ചു. ഈ പരിപാടിയുടെ അവസാനത്തിൽ അഭ്യാസികളുടെ അനുഭവത്തെപ്പറ്റി ഡയറിയിൽ എഴുതാൻ അവർക്ക് പ്രേരണ നൽകി. ഒരുവൻെറ ജീവിതത്തിൽ ഒരു കഴിവുറ്റ മാസ്റ്ററുടെ പ്രാധാന്യത്തെ വിശദീകരിക്കുന്ന ഒരു ഹ്രസ്വചിത്രം പ്രദർശിപ്പിക്കുകയും ചെയ്തു. ഇത്തരം പരിപാടികളിലും CREST പരിപാടികളിലും വീണ്ടും പങ്കെടുക്കാൻ അഭ്യാസികൾ താത്പ്പര്യം കാണിച്ചു.

### വഡൊദര

ഡിസംബർ 29-നു വഡൊദരയിൽ എഴുപത്തിയഞ്ച് യുവ അഭ്യാസികൾ പങ്കെടുത്ത ഒരു വാർഷിക ഒത്തുചേരൽ ഉണ്ടായി. സഹോദരി അഭ്യാസികൾക്ക് "ജോലിസ്ഥലത്ത് സംരക്ഷണം" എന്ന വിഷയത്തെപ്പറ്റി ഒരു യോഗവും അതോടൊപ്പം എല്ലാവർക്കും ഫ്രെഷർഹണ്ട് എന്ന കളിയും നടത്തി. അതിനുശേഷം നടന്ന ക്യാമ്പ്ഫയർ-ൽ ഒരഭ്യാസി പാട്ട് പാടി. എല്ലാവരും അതാസ്വദിച്ചു. രാത്രി 9-മണി പ്രാർത്ഥനയോടുകൂടി പരിപാടി അവസാനിച്ചു.

### ദില്ലി

ജനവരി 10-12, 17-19 എന്നീ ദിവസങ്ങളിൽ ഗാസിയബാദ്, നൊയ്ഡ, ഗുർഗാവ്, ദില്ലി എന്നീ കേന്ദ്രങ്ങളിലെ അഭ്യാസികൾക്കായി ആർകെപുരം ആശ്രമത്തിൽ പരിപാടി നടത്തി. സഹജമാർഗ പദ്ധതിയെപ്പറ്റി അഭ്യാസികൾക്കുള്ള അറിവ് അഗാധമാക്കാനും അവരുടെ പരിശീലനത്തിന് പ്രോത്സാഹനം നൽകാനും വേണ്ടിയാണ് ഈ പരിപാടി നടത്തിയത്. ആത്മ പരിശോധന, അറിവ് പങ്കുവക്കൽ, ഗ്രൂപ്പ് ചർച്ച എന്നീ പരിപാടികൾ സാധനയുടെ വിവിധ വശങ്ങ ളപ്പറ്റിയുള്ള അറിവ് വർദ്ധിപ്പിക്കാൻ സഹായിച്ചു. എല്ലാവരും ആശ്രമത്തിൽ ശ്രമദാനത്തിലും പങ്കെടുത്തു. വൈകുന്നേരം ചിലരുടെ ഭജനാലാപനവും, 'ഉപനിഷത് ഗംഗ' യുടെ ഒരു എപിസോഡിൻെറ പ്രദർശനവും ഉണ്ടായി. അഭ്യാസികൾ കാണിച്ച അച്ചടക്കവും വ ളണ്ടിയർമാർ കാണിച്ച ആത്മാർഥതയും ഹൃദയസ്പർശിയായിരുന്നു.



## വടക്കുകിഴക്കൻ മേഖലയിലുള്ള സെന്ററുകളിൽ ജോയിന്റ് സെക്രട്ടറി നടത്തിയ യാത്ര

സഹോദരൻ എ.പി. ദുരൈ (ജോ. സെക്രട്ടറി) ആസാം, അരുണാചൽ പ്രദേശ് തുടങ്ങിയ ഇടങ്ങളിലെ സെന്ററുകൾ 16 – 25 ജനുവരി 2014 തീയതികളിൽ സന്ദർശിച്ചു. 16–ാം തീയതി രാവിലെ അദ്ദേഹം ഗുവാഹട്ടിയിലെത്തി. അടുത്തദിവസങ്ങളിൽ ഗുവാഹട്ടി ആശ്രമം, തെങ്കാവലി സബ് സെന്റർ, ബോംഡില, നഹർലാഗൻ, സിറോ, പാസിഗഢ്, എൻ. ലക്കിംപൂർ, ദിബ്രുഗഢ് തുടങ്ങിയ സെന്ററുകൾ സന്ദർശിച്ചു. അഭ്യാസികളുമായി അടുത്തിടപഴകിയ അദ്ദേഹം തുറന്ന സദസ്സുകൾ നടത്തി.

സഹോ. ഈശ്വർ പ്രസാദ് (ZIC) സഹോ. അരുൺപഥക്, സഹോ. ധനിചന്ദ് (ZIC), സഹോദരി ജോത്സന തുടങ്ങിയർ അദ്ദേഹത്തെ അനുഗമിച്ചു. അഭ്യാസികളെയും പ്രിഫക്ടുമാരെയും മാസ്റ്ററുമായി അടുപ്പിക്കുക എന്നതായിരുന്നു ലക്ഷ്യം. പ്രിഫക്ടുമാരുമായുള്ള അദ്ദേഹത്തിന്റെ കൂടിക്കാഴ്ചയിൽ അദ്ദേഹം ഇതിനൂന്നൽ നൽകി.

പ്രിഫക്ടുകളുമായി നടത്തിയ രണ്ടു കൂടിക്കാഴ്ചകളിലും തങ്ങളുടെ പരിശീലനത്തെപ്പറ്റിയും മാസ്റ്ററുമായുള്ള ബന്ധത്തെപ്പറ്റിയുമുള്ള ധാരണയെ ഉറപ്പിക്കുക എന്നതിലായിരുന്നു അദ്ദേഹം ഊന്നൽ നൽകിയത്. തങ്ങൾ എവിടെയായിരുന്നാലും, തങ്ങളുടെ ഓരോ ചലനത്തിലും മാസ്റ്റർ ശ്രദ്ധാപൂർവ്വം തങ്ങളെ വീക്ഷിക്കുന്നുണ്ടെന്ന് ഏവർക്കും അനുഭവമായി.

## യു–കണക്റ്റ് പരിപാടി, ജയ്പൂർ, രാജസ്ഥാൻ



കോളേജുകളിലൂടെയും യൂണിവേഴ്സിറ്റിയിലൂടെയും സഹജമാർഗപരിശീലനം വഴി യുവാക്കളിൽ പരിവർത്തനമുണ്ടാക്കുക എന്ന ലക്ഷ്യമാണ് ഈ പരിപാടിക്കുള്ളത്. ജനുവരി 19 ന് നടത്തിയ പരിപാടിയിൽ 'മാലിബ'യുടെ വിജയഗാഥ വളണ്ടിയർമാരുമായി പങ്കുവെച്ചു. മാസ്റ്ററുടെയും സഹോ. കമലേഷിന്റെയും മാർഗനിർദ്ദേശപ്രകാരമാണ് ഇതു നടത്തിയത്. ചിട്ടയായ രീതിയിൽ ഈ പരിപാടിയുടെ നടത്തിപ്പിനാവശ്യമായ തയ്യാറെടുപ്പുകൾ സജ്ജീകരിച്ചിരുന്നു. തന്റെ കമ്പനിയിൽ ഈ പരിപാടി നടത്തുവാനായി ഒരഭ്യാസി തയ്യാറായി. ജൂലായിൽ, പുതിയ വിദ്യാഭ്യാസവർഷത്തിൽ, കോളേജുകളിൽ ഈ പരിപാടി നടത്തുവാൻ വേണ്ടതായ പരിശീലനം ഇതിലൂടെ ലഭിക്കും.

## സോണൽ മീറ്റിങ്ങ്, കൊൽക്കത്ത



2013 ഡിസംബർ 21 – 22 തീയതികളിൽ ഒരു ദ്വിദിന കൂടിച്ചേരൽ നടത്തി. ബാന്ദൽ, റണിഗഞ്ച്, ഖരഗ്പൂർ, കൃഷ്ണനഗർ, അസൻസോൾ, ചിത്തരഞ്ജൻ, ഭൺപൂർ, കൂച്ച്ബെഹാർ, ഡാർജിലിങ്ങ് തുടങ്ങിയ സെന്ററുകളിൽ നിന്നുള്ള അറുപതോളം അഭ്യാസികൾ ഇതിൽ പങ്കെടുത്തു. പത്തു പ്രമാണങ്ങൾക്ക് പ്രത്യേക ഊന്നൽ നൽകി, സാധനയുടെ വിവിധ വശങ്ങളെപ്പറ്റി ബംഗാളിയിലാണ് ഈ പരിപാടി നടത്തിയത്. അഭ്യാസികളുടെ സംശയനിവാരണത്തിനും പ്രശ്നപരിഹാരത്തിനും ഈ പരിപാടി സഹായകമായി. തങ്ങൾക്ക് ചെയ്തുതീർക്കാനായുള്ള ഭാരിച്ച ഉത്തരവാദിത്തങ്ങളെപ്പറ്റി ചർച്ച ചെയ്യുവാനും ആവശ്യമായ പദ്ധതി തയ്യാറാക്കുവാനും ബംഗാളി പരിഭാഷ ടീമിന് ഈ പരിപാടി സഹായകമായി. രണ്ടുദിവസങ്ങളിലായി നടന്ന പരിപാടിയിലെ സന്തോഷവും സാഹോദര്യവും നിറഞ്ഞ അന്തരീക്ഷം ഏവരേയും ഉത്സാഹഭരിതരും ഉണർവ്വുറ്റവരുമാക്കി.




## പരിശീലകർക്കായുള്ള പരിപാടി

പൻവേൽ ആശ്രമം, മുംബൈ

2013 ഡിസംബർ 12–16 തീയതികളിൽ നടത്തിയ ഈ പരിപാടിയിൽ മഹാരാഷ്ട്രയിൽ നിന്നുള്ള അൻപതോളം പേർ പങ്കെടുത്തു. ദൈനംദിനജീവിതത്തിൽ ഉപയുക്തമാകുന്ന ഒരുപകരണമായി ഈ പരിപാടിയെ പങ്കെടുക്കുന്നവർക്കായി പരിചയപ്പെടുത്തി. 'സുഗമമാക്കൽ', 'സാഹോദര്യം' തുടങ്ങിയ വിഷയങ്ങളിൽ നടത്തിയ ശില്പശാലയിൽ സ്വയം വിശകലനത്തിലൂടെയും കേൾവിയിലൂടെയും ഹൃദയപൂർവ്വം സംസാരിക്കുന്നതിലൂടെയും കാര്യങ്ങൾ സുഗമമാക്കുന്നതെങ്ങിനെയെന്ന് പങ്കെടുത്തവർക്ക് മനസ്സിലാക്കാനായി. ഈ വിഷയത്തിൽ പ്രവൃത്തിപരിചയം ലഭിക്കുന്നതിന് GITP മൊഡ്യൂളുകൾ ഉപയുക്തമായി. മാസ്റ്റർ പ്രദാനം ചെയ്യുന്ന അവസരങ്ങൾ ഹൃദയപൂർവ്വം ഉപയോഗിക്കുന്നതിനായുള്ള CIC യുടെ അഭ്യർത്ഥനയോടെ പരിപാടി അവസാനിച്ചു.

# സിറോ ആശ്രമം, അരുണാചൽപ്രദേശ്

## പ്രകാശകേന്ദ്രം





സമുദ്രനിരപ്പിൽ നിന്ന് 5000 അടി ഉയരത്തിൽ സ്ഥിതിചെയ്യുന്ന സിറോ, അരുണാചൽപ്രദേശിലെ ലോവർ സുബൻസിരി ജില്ലയുടെ ആസ്ഥാനകേന്ദ്രമാണ്. പ്രകൃതിരമണീയമായ കാഴ്ചകൾ പ്രദാനം ചെയ്യുന്ന മലനിരകൾ നിറഞ്ഞതാണ് സിറോ. സംസ്ഥാനതലസ്ഥാനമായ ഇറ്റനഗറിൽ നിന്നും 180 കി.മീ. ദൂരെയാണ് സിറോ സ്ഥിതിചെയ്യുന്നത്. ആസാമിലെ വടക്കെ ലക്കിൻപൂരിനടുത്തുള്ള ലിലാബരിയാണ് അടുത്തുള്ള വിമാനത്താവളം. ഇവിടേക്ക് 176 കി.മീ. ദൂരം വരും. ശൈത്യകാലത്ത് കഠിനവും വേനൽക്കാലത്ത് മിതവുമായ തണുപ്പ് ഇവിടെ അനുഭവപ്പെടും.

സൂര്യനെയും ചന്ദ്രനെയും – ദോൻയി–പോളോ എന്നറിയപ്പെടുന്ന– ദൈവമായി ആരാധിക്കുന്ന അപടണി എന്നൊരു ഗോത്രവർഗത്തിലെ 25000 പേർ ഈ ഭാഗത്ത് താമസിക്കുന്നു.

1985–ൽ അരുണാചൽപ്രദേശിലെ ഹോർട്ടികൾച്ചറൽ വകുപ്പിൽ ജോലി ചെയ്തിരുന്ന ഉത്തർഖണ്ഡിലെ സഹോ. കെ. എൻ. തിവാരി സിറോവിലേക്ക് മാറ്റം കിട്ടിവന്നു. 1986 സെപ്തംബറിലെ ഒരു വൈകുന്നേരം ഒരു മലയിലൂടെ അദ്ദേഹം നടക്കുമ്പോൾ പെട്ടെന്ന് ധ്യാനത്തിലിരിക്കണമെന്ന് അദ്ദേഹത്തിന് തോന്നി. സ്നേഹസൂചകമായി അവിടെയൊരു ആശ്രമം നിർമ്മിക്കുവാൻ അദ്ദേഹം തീരുമാനിച്ചു. 1987 ൽ ആ മലയുടെ മുകൾഭാഗം മുഴുവനായും വേലി കെട്ടി. അതിനുശേഷം മറ്റു പല ആരാധനാലയങ്ങളും ഇവിടെയുണ്ടായി. പിന്നീട് അദ്ദേഹം സഹജമാർഗപ്രചരണാർത്ഥം വീടുകൾ സന്ദർശനം തുടങ്ങി. 1992 മുതൽ, ജനങ്ങളുടെ താൽപര്യം കണ്ടറിഞ്ഞ അദ്ദേഹം പ്രിഫക്ടുമാരായ സഹോ. പുരുഷോത്തമ അഗർവാൾ, ഈശ്വർപ്രസാദ് അഗർവാൾ, കെ.ബി. ചക്രവർത്തി തുടങ്ങിയവരെ അഭ്യാസികൾക്ക് സഹായത്തിനായി ഇവിടേക്ക് വരുത്തി.

സഹോ. തിവാരിയുടെ വസതിയിൽ കൂടിയിരുന്ന അഭ്യാസികളുടെ എണ്ണം വർദ്ധിച്ചപ്പോൾ ഒരാശ്രമം അനിവാര്യമാണെന്ന് ബോധ്യമായി. അങ്ങിനെ, 1993 സപ്തംബർ 12 ന് ആശ്രമത്തിനായി കണ്ടിരുന്ന സ്ഥലം എസ്. ആർ.സി.എമ്മിന് ഔപചാരികമായി കൈമാറി. സഹോ. ഈശ്വർപ്രസാദിനെ മാസ്റ്റർ ഇക്കാര്യത്തിനായി നിയോഗിച്ചു. 1994 ജൂലൈ 4 ന് ആശ്രമനിർമ്മാണത്തിനായി മാസ്റ്റർ അനുവാദം നൽകി. മലനിരകളായിരുന്നതിനാൽ നിർമ്മാണം ദുഷ്കരമായിരുന്നെങ്കിലും അഭ്യാസികളുടെ സ്നേഹവും ഇച്ഛാശക്തിയും ആശ്രമനിർമ്മാണം സാർത്ഥകമാക്കി.

1996 സപ്തംബർ 14ന് മിഷന്റെ അന്നത്തെ സെക്രട്ടറിയായിരുന്ന സഹോ. എസ്.എ. സർനാദ് ആശ്രമം ഉദ്ഘാടനം ചെയ്തു. ആ ചടങ്ങിൽ അടുത്തുള്ള സെന്ററുകളിൽ നിന്നുമായി ഏകദേശം എഴുപതോളം അഭ്യാസികൾ പങ്കെടുത്തു. 2003 ജൂലായിൽ സഹോ. യു.എസ്. ബാജ്പായ് (മിഷൻ സെക്രട്ടറി) ആശ്രമം സന്ദർശിച്ചു. മന്ദിർ കമ്മിറ്റി സ്ഥലം ആശ്രമത്തിനായി ഔദ്യോഗികമായി കൈമറ്റം ചെയ്തിരുന്നുവെങ്കിലും 2000 മാണ്ടിൽ സ്ഥലം അനുവദിക്കുന്നതിനായി സർക്കാരിന് അപേക്ഷ നൽകി. 1890 ച.മീ. സ്ഥലം മിഷനായി സർക്കാർ അനുവദിച്ചു.

122 ച.മീ. വിസ്തൃതിയിൽ താഴത്തെ നിലയിലുള്ള ഒരു ഇരുനിലകെട്ടിടമാണ് ഇവിടുത്തെ ആശ്രമം. താഴത്തെ നില താമസസൗകര്യത്തിനായും, 128.38 ച.മീ. വിസ്തൃതിയുള്ള ഒന്നാം നിലയിൽ മാസ്റ്ററുടെ മുറി, കിടപ്പുമുറി, അതിഥികൾക്കായുള്ള മുറി, ഭക്ഷണശാല, ശൗചാലയം തുടങ്ങിയവയുമുണ്ട്.




സി.ജി.ഐ. മേൽക്കൂരയുള്ള ധ്യാനഹാളിന് 119 ച.മീ. വിസ്തൃതിയുണ്ട്. മുളകൾ ഉപയോഗിച്ച് ഷീറ്റുകൾ നിർമ്മിച്ചാണ് വശങ്ങളിലുള്ള ചുമർ നിർമ്മിച്ചിരിക്കുന്നത്. എൺപതിലധികം അഭ്യാസികൾ ഇപ്പോഴുണ്ട്. ഞായറാഴ്ച സത്സംഗങ്ങളിൽ ഇരുപത്തഞ്ചോളം അഭ്യാസികൾ പങ്കെടുക്കാറുണ്ട്. അരുണാചൽപ്രദേശിന്റെ ഉൾനാടുകളിൽ മിഷന്റെ പ്രവർത്തനം വ്യാപിപ്പിക്കുവാൻ സിറോ ആശ്രമം ഉതകുന്നു.

To download or subscribe to this newsletter, please visit http://www.sahajmarg.org/newsletter/india For feedback, suggestions and news articles please send email to in.newsletter@srcm.org

© 2013 Shri Ram Chandra Mission ("SRCM"). All rights reserved. "Shri Ram Chandra Mission", "Sahaj Marg", "SRCM", "Constant Remembrance" and the Mission's Emblem are registered Trademarks of Shri Ram Chandra Mission.This Newsletter is intended exclusively for the members of SRCM. The views expressed in the various articles are provided by various volunteers and are not necessarily those of SRCM.